**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1814** **05-07-2022 - ൽ മറുപടിയ്ക്ക്**

**സിറ്റി സർക്കുലർ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ സിറ്റി സർക്കുലർ ബസ് സർവ്വീസ് വിജകരമാണോ; വ്യക്തമാക്കാമോ; | (എ) | **തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഈ സർവ്വീസുകളിൽ പ്രതിദിനം 29000 യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത വർദ്ധിച്ചിട്ടുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.** |
| (ബി) | വീതികുറഞ്ഞതും തിരക്കേറിയതുമായ നഗര റോഡുകളിലൂടെ വലിപ്പമേറിയ സിറ്റി സർക്കുലർ ബസ്സുകൾ സർവ്വീസ് നടത്തുന്നതുമൂലം ഗതാഗത കുരുക്ക് രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | സിറ്റി സർക്കുലർ സർവ്വീസുകൾ നടത്തുന്ന ബസ്സുകൾ സഞ്ചരിക്കുന്നതുമൂലം ഗതാഗത കുരുക്ക് രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടില്ല. |
| (സി) | സിറ്റി സർക്കുലർ സർവ്വീസിനായി വലിപ്പം കുറഞ്ഞ ബസ്സുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | പുതുതായി കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമായിട്ടുള്ള വലിപ്പം കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ